Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

30.07.2025

# ജൂബിലിയിൽ മെഗാ ഇ.എം. സോണോയും എക്സാംതലോനും വിജയകരമായി പൂർത്തിയായി.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ മെഗാ ഇ.എം. സോണോ 2025 എന്ന പേരിൽ ഇന്ത്യയിൽ ആദ്യമായി നൂറിൽ പരം ഡോക്ടർമാർക്ക് ഒരേ സമയം അൾട്രാസൗണ്ടിൽ ലൈവ് ഹാൻഡ്സ്-ഓൺ പരിശീലനം നൽകുന്ന പരിപാടി വിജയകരമായി നടന്നു. എമർജൻസി മെഡിസിൻ മേഖലക്ക് പുറമെ വിവിധ വിഭാഗങ്ങളിലുള്ള ഡോക്ടർമാർ പങ്കെടുത്ത ഈ വർക്ക്ഷോപ്പ് രോഗനിർണ്ണയത്തിനുള്ള നിർണ്ണായകവും അടിയന്തിരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിൽ ഏറെ സഹായകമായി. പരിപാടിയുടെ ഉദ്ഘാടനം ഡെൽഹി എയിംസിലെ എമർജൻസി വിഭാഗം പ്രൊഫസറും, ലോകാരോഗ്യസംഘടനയുടെ കൊളാബ്രേറ്റിങ്ങ് സെന്റർ ഫോർ എമർജൻസി ആന്റ് ട്രോമ-യുടെ സൗത്ത്-ഈസ്റ്റ് ഏഷ്യ റീജിയന്റെ ഡയറക്ടറുമായ ഡോ. സഞ്ജീവ് ഭോയി നിർവഹിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പ്രിൻസിപ്പാൾ പ്രൊഫ. എം. എ. ആൻഡ്രൂസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുല്ലക്കര, ഡോ. പി. സി. രാജീവ്, ഡോ. വിജയ് ചഞ്ചൽ എന്നിവർ സംസാരിച്ചു. ഡോ. ഡിയോ മാത്യുവിന്റെ നേതൃത്വത്തിൽ അവസാന വർഷ എം.ഡി. എമർജൻസി മെഡിക്കൽ വിദ്യാർത്ഥികൾക്കായി മെഗാ എക്സാംതലോൺ എന്ന പരീക്ഷാ അനുകരണ പരിപാടിയും കേരളത്തിലെ എമർജൻസി മെഡിസിൻ മേഖലയിലുള്ള നാൽപ്പതിലധികം ഡോക്ടർമാർ പങ്കെടുത്ത ആസസ്സേർസ് ട്രെയ്നിങ്ങ് പ്രോഗ്രാം 2.0 എന്ന ഫാക്കൾട്ടി ഡെവലപ്പ്മെന്റ് സെഷനും നടന്നു. അൾട്രാസൗണ്ട് ഇന്ന് അടിയന്തിര രോഗനിർണ്ണയ ഉപാധിയായി മാറിയിരിക്കുകയാണ്. അതിവേഗം ചികിത്സാ തീരുമാനങ്ങൾ എടുക്കുന്നതിന് ഇതിന്റെ പ്രാവീണ്യം അനിവാര്യമാണ്. ഇതുപോലെ വലിയ രീതിയിൽ ഡോക്ടർമാർക്കായി നടത്തുന്ന പരിശീലന പരിപാടികൾ പൊതുജനാരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും.